5645
23/5/15

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ജില്ലാ സാമൂഹ്യനീതി ഓഫീസറായ ശ്രീ.ഇ.ജയ്സണ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് താത്ക്കാലിക ഉദ്യോഗക്കയറ്റം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ. (സാധാ) നം. 275/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 20.05.2015.

==========================================================

പരാമർശം:- സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 21.02.2015, 20.03.2015 തീയതികളിലെ ഇ11/20171/13 നമ്പർ കത്ത്.

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പിൽ ജില്ലാ സാമൂഹ്യനീതി ഓഫീസറായി ജോലി നോക്കി വരുന്ന ശ്രീ.ഇ.ജയ്സൺ 31.05.2015-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാൽ ടിയാനെ നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് താത്ക്കാലിക ഉദ്യോഗക്കയറ്റം നൽകി നിയമിക്കണമെന്ന് പരാമർശ പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതിനാലും ശ്രീ.ഇ.ജയ്സൺ 31.05.2015-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാലും താല്ക്കാലിക ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിനുള്ള വിലക്കിൽ ഇളവ് അനുവദിച്ച് ഏറ്റവും സീനിയർ ജില്ലാ സാമൂഹ്യനീതി ഓഫീസറായ ടിയാന് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് താല്ക്കാലിക ഉദ്യോഗക്കയറ്റം നൽകി നിലവിൽ ഒഴിവുള്ള സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**കെ.എം.ലീലാമണി**
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.ഇ.ജയ്സൺ, ജില്ലാ സാമൂഹ്യനീതി ഓഫീസർ (സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യു മീഡിയ (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,
(ഒപ്പ്)
സെക്ഷൻ ഓഫീസർ.